(ബി) ഇക്കാര്യം പരിശോധനയിലാണ്.

(സി) ഇല്ല. താല്ക്കാലിക അദ്ധ്യാപകർക്ക് പ്രൊമോഷൻ നൽകുന്ന കാര്യം പരിഗണനയിലില്ല.

(ഡി) ഉണ്ട്. റൂൾ 9 a (i) പ്രകാരം അദ്ധ്യാപകരായി ജോലി നോക്കുന്ന മിനിസ്റ്റീരിയൽ ജീവനക്കാരെ റിവർട്ട് ചെയ്യണമോ എന്ന വിഷയത്തിൽ അന്തിമ തീരുമാനമായിട്ടില്ല. ഇക്കാര്യം പരിശോധിച്ചുവരികയാണ്.

തിരുവനന്തപുരം ജില്ല യു.പി. സ്കൂൾ അസിസ്റ്റന്റ് നിയമനം

86 (5160) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിൽ പി.എസ്.സി.-യിൽ നിന്ന് അഡ്വൈസ് ലഭിച്ച തിരുവനന്തപുരം ജില്ലയിലെ യു.പി. സ്കൂൾ അസിസ്റ്റന്റ് (മലയാളം മീഡിയം) തസ്തികയിലേക്ക് ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തിരുവനന്തപുരം പി.എസ്.സി. ജില്ലാ ഓഫീസിൽ നിന്ന് ഡി.റ്റി.ബി (2) 927/09 തീയതി 26-12-2014-ലെ അഡ്വൈസ് തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടറുടെ (വിദ്യാഭ്യാസം) കാര്യാലയത്തിൽ എന്നാണ് ലഭ്യമായതെന്ന് വ്യക്തമാക്കാമോ ;

(സി) വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള ചട്ടപ്രകാരം അഡ്വൈസ് ലഭ്യമായാൽ ഒഴിവുകൾ നികത്തേണ്ടതിന്റെ കാലപരിധി സംബന്ധിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ഡി) പി.എസ്.സി.-യിൽ നിന്ന് അഡ്വൈസ് ലഭിച്ചാൽ മൂന്നു മാസത്തിനുള്ളിൽ നിയമനം നൽകണമെന്ന വ്യവസ്ഥ പ്രസ്തുത ഓഫീസ് പാലിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ഇ) മേൽ സൂചിപ്പിച്ച അഡ്വൈസിൻമേൽ നിയമനം മരവിപ്പിച്ചുകൊണ്ട് ഉദ്യോഗതലത്തിൽ സർക്കുലറുകളോ മറ്റ് ഏതെങ്കിലും പ്രത്യേക ഉത്തരവുകളോ, ഫയലിൻമേൽ കുറിപ്പുകളോ, നിലനിൽക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ;

(എഫ്) ഇല്ലെങ്കിൽ DTB (2) 927/09 തീയതി 26-12-2014 നമ്പർ അഡ്വൈസിൻമേൽ നിയമനം വൈകുന്നതിന്റെ കാരണം വിശദമാക്കുമോ ;

(ജി) ഇതിന്മേലുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ടി ഉദ്യോഗാർത്ഥികൾക്ക് എന്നത്തേക്ക് നിയമനം നൽകാൻ സാധിക്കും ; അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 2-1-2015-ൽ

(സി) നിയമന ശിപാർശ ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ നിയമന ഉത്തരവ് നല്കണമെന്നതാണ് ചട്ടം.

(ഡി-ജി) സംസ്ഥാനത്തെ സ്കൂളുകളിൽ 2010-11 അദ്ധ്യയന വർഷത്തിനു ശേഷം 2014-15-ലാണ് തസ്തിക നിർണ്ണയം നടത്തിയത്. 2014-15-ലെ തസ്തിക നിർണ്ണയപ്രകാരം വിദ്യാർത്ഥികളുടെ കുറവുമൂലം പ്രൈമറി വിഭാഗത്തിൽ 300-ൽ പരം അദ്ധ്യാപക തസ്തികകൾ നഷ്ടമായിട്ടുണ്ട്. ജില്ലയിൽ ഇപ്രകാരം അദ്ധ്യാപകർ അധികമായി നിലനിൽക്കുന്നതിനാലാണ് നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ സാധിക്കാത്തത്. എന്നാൽ, 2014-15-ലെ തസ്തിക നിർണ്ണയത്തിന് പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച സർക്കാർ ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദ് ചെയ്തിരിക്കുന്നതും ആയതിന്മേലുള്ള അപ്പീൽ കോടതിയുടെ പരിഗണനയിലുമാണ്. ആയതിനാൽ, പ്രസ്തുത കാലയളവിലെ തസ്തിക നിർണ്ണയത്തിനുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം സംബന്ധിച്ച് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചാൽ മാത്രമേ യഥാർത്ഥത്തിലുള്ള അധിക അദ്ധ്യാപക തസ്തിക കണ്ടെത്താനും പ്രസ്തുത അദ്ധ്യാപകരെ പുനർവിന്യസിക്കാനും സാധിക്കുകയുള്ളൂ. ആയതിനുശേഷം മാത്രമേ നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികളുടെ കാര്യത്തിൽ തീരുമാനം കൈക്കൊള്ളാനാവുകയുള്ളൂ.

സ്കോളർഷിപ്പ് നൽകുന്നതിന് ഇ-ഗ്രാന്റ് സോഫ്റ്റ്വെയർ

87 (5161) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പുവഴി വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകൾ നൽകുന്നതിന് ഇ-ഗ്രാന്റ് പോലെയുള്ള സോഫ്റ്റ്വെയർ വഴി വകുപ്പിനു കീഴിൽ പ്രത്യേക വിഭാഗം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?